**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **23-08-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തൊക്കെ അനുമതികളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സിൽവർലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ സാധിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ, മറ്റ് ക്ലിയറൻസുകൾ എന്നിവ വേഗത്തിലാക്കുന്നത് സംബന്ധിച്ച് ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുടെ കത്തും ലഭിച്ചിരുന്നു. ഇതനുസരിച്ച് സാമൂഹ്യ ആഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇനി ഏതൊക്കെ അനുമതികളാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ; | (ബി) | റെയിൽവേ ബോർഡ്, പദ്ധതിയുടെ ഡിപിആറിന് അംഗീകാരം നൽകുകയും തുടർന്ന് കാബിനറ്റ് കമ്മിറ്റി ഓഫ് ഇക്കണോമിക് അഫയേഴ്സ് (സിസിഇഎ) പദ്ധതി അംഗീകരിച്ച് കേന്ദ്ര കാബിനറ്റിനു ശുപാർശ നൽകുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് കേന്ദ്ര കാബിനറ്റിന്റെ അംഗീകാരവും ലഭിക്കേണ്ടതാണ്. |
| (സി) | പ്രസ്തുത അനുമതികൾ നേടിയെടുക്കുന്നതിനായി സർക്കാർ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിക്ക് അന്തിമാനുമതി വേഗത്തിലാക്കുന്നതിനു സർക്കാർ തലത്തിൽ റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും ബഹു. കേന്ദ്ര റെയിൽവേ വകുപ്പു മന്ത്രിക്കു കത്തയക്കുകയും നേരിട്ടു കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതു കൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹു.പ്രധാനമന്ത്രി മുമ്പാകെ 24.03.2022 നു നേരിട്ട് കൈമാറിയിരുന്നു. ബഹു. പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചടുത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. |

| | | | |
|---|---|---|---|
| | | | സിൽവർലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ